# യഥാർഥ സന്തോഷം

## സങ്കീർത്തനങ്ങൾ 4:7

**“ധാന്യവും വീഞ്ഞും വർദ്ധിച്ചപ്പോൾ അവർക്കുണ്ടായതിലും അധികം സന്തോഷം നീ എന്റെ ഹൃദയത്തിൽ നൽകിയിരിക്കുന്നു.”**

ഒരു യഹോവ ഭക്തന്റെ യഥാർഥമായസന്തോഷം എന്താണ് എന്നാണ് നാം ഇവിടെ കാണുന്നത്. ഭൗതീകവും ആത്മീകവുമായ അഭിവൃദ്ധിയുടെ നടുവിൽ എല്ലാം അനുകൂലമായി കഴിയുമ്പോൾ അല്ല ഒരു ദൈവപൈതലിന് സന്തോഷം ഉണ്ടാവേണ്ടത്. ഏത് പ്രതിസന്ധിയിലും കർത്താവിന്റെ കരങ്ങളിലാണ് നാം എന്നുള്ള ഒരു ബോധ്യം വരുമ്പോൾ മാത്രമേ നമുക്ക് നിർഭയമായി ഉറങ്ങുവാനും സമാധാനം അനുഭവിക്കാനും കഴിയുകയുള്ളൂ. ഇതാണ് ദൈവീക സമാധാനത്തിന്റെ പ്രത്യേകത. ലോകത്തിന് തരാനോ നമ്മിൽ നിന്ന് എടുക്കുവാനോ കഴിയാത്ത ഒന്നാണ് ഈ ദൈവീക സമാധാനവും സന്തോഷവും. അത് അനുഭവിക്കാൻ കഴിയണമെങ്കിൽ നമ്മുടെ സൃഷ്ടാവും പരിപാലകനും നിയന്ത്രിതാവുമായ ദൈവത്തിൽ പരിപൂർണ്ണമായ വിശ്വാസവും ആശ്രയവും ഉണ്ടായിരിക്കണം.

സാഹചര്യങ്ങളും വ്യക്തികളും മാറിയാലും ലോകം നോക്കുമ്പോൾ കരകയറാൻ കഴിയാത്ത വിധം പ്രതികൂലങ്ങളിൽ വീണാലും ഒരു ദൈവപൈതലിന് ഈ സമാധാനം അനുഭവിക്കാൻ കഴിയണം. അതു കൊണ്ടാണ് വചനം ഇങ്ങനെ പറയുന്നത് **“അത്തിവൃക്ഷം തളിർക്കയില്ല, മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാവുകയില്ല, ഒലിവുമരത്തിന്റെ പ്രയത്നം നിഷ്ഫലമായ് പോകും, നിലങ്ങൾ ആഹാരം വിളയിക്കയില്ല, ആട്ടിൻ കൂട്ടം തൊഴുത്തിൽ നിന്നും നശിച്ചു പോകും, ഗോശാലകളിൽ കന്നുകാലി ഉണ്ടായിരിക്കയില്ല. എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും, എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും.”** ഇതായിരിക്കണം ഓരോ ദൈവമക്കളുടെയും സന്തോഷം.

ജീവിതത്തിൽ മുന്നോടുള്ള വഴിയറിയാതെ നിൽക്കുമ്പോളും കണ്ണുകൾ ഉയരങ്ങളിലേക്ക് ഉയർത്താൻ നമുക്ക് സാധിക്കണം. യഹോവയായ കർത്താവാണ് എന്റെ ബലം എന്നു പറയാൻ സാധിക്കണം. അപ്പോൾ നമ്മുടെ മുഖം പ്രകാശിതമാകും, ഹൃദയം സന്തോഷത്താൽ നിറയും. അപ്പോൾ ഈ സമാധാനവും സന്തോഷവും നമ്മുടെ ചുറ്റുമുള്ളവർക്ക് പകർന്ന് കൊടുക്കാനും സാധിക്കും. അനേകരെ ദൈവത്തിങ്കലേക്ക് അടുപ്പിക്കാനും സാധിക്കും. എന്റെ വ്യക്തി ജീവിതം കണ്ടിട്ട്, സാഹചര്യത്തോടുള്ള

പ്രതികരണം കണ്ടിട്ട് ഒരു അവിശ്വാസിക്ക് എന്ത് മാറ്റം ഉണ്ടാകുന്നു എന്നത് നാം ചിന്തിക്കണം. ഇവന്റെ ദൈവത്തെ എനിക്കും അറിയണം എന്ന് ചിന്തിക്കാൻ ഇടയായാൽ അതാണ് നമ്മുടെ വിശ്വാസ ജീവിതത്തിന്റെ ഏറ്റവും വലിയ നേട്ടം. അപ്പോഴാണ് സ്വർഗ്ഗം സന്തോഷിക്കുന്നത്. ഈ സന്തോഷം അനുഭവിക്കാനും മറ്റുള്ളവരിലേക്ക് പകർന്ന് കൊടുക്കാനുമുള്ള ദൈവകൃപയ്ക്കായി പ്രാർഥിക്കാം.

**പരാമർശം:**

**യെശെയ്യാവ് 12:2-3**

**ഇതാ, ദൈവം എന്റെ രക്ഷ; യഹോവയായ യാഹ് എന്റെ ബലവും എന്റെ ഗീതവും ആയിരിക്കകൊണ്ടും അവൻ എന്റെ രക്ഷയായ് തീർന്നിരിക്ക കൊണ്ടും ഞാൻ ഭയപ്പെടാതെ ആശ്രയിക്കും. അതുകൊണ്ടു നിങ്ങൾ സന്തോഷത്തോടെ രക്ഷയുടെ ഉറവുകളിൽ നിന്നു വെള്ളം കോരും.**

**സിസ്റ്റർ നിനു ബിനു ബേബി ആലപ്പുഴ 058**